**1205**

*രീതി: ഇദ്ധരയിൽ എന്നെ*

1 എന്നുള്ളിലെന്നും വസിച്ചിടുവാൻ സ്വർഗ്ഗമണ്ഡപം വിട്ടിറങ്ങി-വന്ന
ഉന്നതനാം തങ്കപ്രാവേ! നീ വന്നെന്നിൽ എന്നുമധിവസിക്ക-

2 തങ്കച്ചിറകടി എത്ര നാൾ കേട്ടിടും ശങ്കകൂടാതെ നിന്നെ-തള്ളി
സങ്കേതം ഞാൻ കൊടുത്തന്യർക്കെന്നോർത്തിതാ സങ്കടപ്പെട്ടിടുന്നു-

3 കർത്തനെ! എത്രയനുഗ്രഹങ്ങളയ്യോ നഷ്ടമാക്കി ഈവിധം-ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ തട്ടിയുണർത്തണമേ-

4 ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ മന്ദിരം തന്നിലിന്നു-ദേവാ!
വന്നു പാർത്തു ശുദ്ധി ചെയ്തു നിൻവീട്ടിന്റെ നിന്ദയകറ്റണമേ-

5 ജീവിതമിന്നും ശരിയായിട്ടില്ലയ്യോ ജീവിപ്പിക്കും കർത്തനേ!-വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ ജീവിപ്പിച്ചീടണമേ-

6 ശക്തിയിൻ സിംഹാസനേ ജയവീരനായ് വാഴുന്നോരേശുരാജൻ-എന്നിൽ
ശക്തിയോടെ വന്നു വാണിടും നേരത്തിൽ ശക്തനായ് ജീവിക്കും ഞാൻ

7 എന്നലങ്കാരവസ്ത്രം ധരിച്ചിടും ഞാൻ ഇന്നുമുതൽ ദൈവമേ-മേലാൽ
എന്നിൽ അശുദ്ധനും ചേലാവിഹീനനും ചേർന്നു വരികയില്ല-

8 ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ ദൈവാത്മാവേ വന്നെന്നിൽ-എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ ജീവൻ പ്രശോഭിപ്പിക്ക-

**T.J.V.**